II. ശുദ്ധക്ഷണിക്കൽ

(i) വെള്ളിയാംകല്ല് എന്ന സ്ഥലത്ത് റഗുലേറ്റർ-കം-ബ്രിഡ്ജ്

[9·30 a. m.]

ശ്രീ. എം. പി. താമി: സർ, ഭാരതപ്പുഴ വേനൽക്കാലത്ത് വറ്റി വരണ്ടുപോകുന്നു, എന്നിരുന്നാലും പുഴയിൽ ഭൂഗർഭജലം ധാരാളം ഉള്ളതുകൊണ്ട് ഏഴോളം പദ്ധതികൾ ആ പ്രദേശത്ത് തൃത്താലയിൽ ഇന്ന് പ്രവർത്തിക്കുന്നുണ്ട്. ചിലവ പ്രവൃത്തി പൂർത്തിയായിട്ടുള്ളതാണ്. നമ്മുടെ ചീഫ് വിപ്പ് ശ്രീ. കെ. പി. അരവിന്ദാക്ഷന്റെ കുന്നംകുളത്തുള്ള ശുദ്ധജല വിതരണ പദ്ധതി, ഗുരുവായൂർ, ചാവക്കാട് ജലവിതരണ പദ്ധതി, നാട്ടിക ജലവിതരണപദ്ധതി, പാവറട്ടി ജലവിതരണ പദ്ധതി, എടപ്പാൾ ശുദ്ധജലവിതരണപദ്ധതി, വടക്കാഞ്ചേരി ശുദ്ധജലവിതരണപദ്ധതി ഇതിനെല്ലാംകൂടിയിട്ട് 3,826 ലക്ഷം രൂപ ചെലവാക്കിയിട്ട് തൃത്താലയിൽ ഈ ശുദ്ധജലവിതരണപദ്ധതിയുടെ പണി നടന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ ഈ പദ്ധതികളുടെ പ്രവർത്തനത്തിന്റെ ഫലമായി തൃത്താല, പട്ടാമ്പി, ഒറ്റപ്പാലം, താലൂക്കിൽ പൊതുവേയും തൃത്താലയിൽ പ്രത്യേകിച്ചും സർവ്വ കുളങ്ങളും കിണറുകളും വറ്റിവരണ്ടുപോകുന്നു. ഭൂഗർഭജലം കൂടുതൽ വാർന്നുപോകുന്നതുകൊണ്ട് ജലനിരപ്പ് താണുപോകുന്നതുമൂലം പല ആപത്തുകളും ഉണ്ടാവുമെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ ഈ സഭയിൽ ഒരിക്കൽ പ്രസ്താവിച്ചിട്ടുള്ളതാണ്. തൃത്താലയിലെ നാണ്യവിളകളായ നാളികേരം, അടയ്ക്കാ, കുരുമുളക്, വാഴ എന്നിവ കടുത്ത വരൾച്ചയെ നേരിട്ടുകൊണ്ടിരിക്കുന്നു. ഈ വിഷമാവസ്ഥ പരിഹരിച്ചുകിട്ടാൻ വേണ്ടിയാണ് തൃത്താലയിൽ വെള്ളിയാംകല്ല് എന്ന സ്ഥലത്ത് റെഗുലേറ്റഡ്-കം-ബ്രിഡ്ജ് ഒന്നു പ്രാവർത്തികമാക്കി കിട്ടാൻവേണ്ടി അവിടത്തെ നാട്ടുകാർ ആവശ്യപ്പെട്ടുതുടങ്ങിയത്. 1980 മുതൽ ഈ പദ്ധതി പ്രാവർത്തികമാക്കണമെന്ന് ജനങ്ങൾ ആവശ്യപ്പെട്ടുവന്നതാണ്. ഗവൺമെന്റ് അക്കാര്യം തത്വത്തിൽ അംഗീകരിച്ചതാണ്. അതിന്റെ അടിസ്ഥാനത്തിൽ സർവ്വ രാഷ്ട്രീയകക്ഷി പ്രതിനിധികളും ബഹുമാനപ്പെട്ട എം. എൽ. എ.-മാരായ കെ. ശങ്കരനാരായണൻ, ശ്രീമതി ലീലാ ദാമോദരമേനോൻ, പി. ടി. മോഹനകൃഷ്ണൻ, വി. എം. സുധീരൻ, പി. കെ. കെ. ബാവ, തൃത്താല എം. എൽ. എ. ആയ ഞാനും ചാവക്കാട്, കുന്നംകുളം, പൊന്നാനി മുനിസിപ്പൽ ചെയർമാൻമാരും പഞ്ചായത്തു പ്രസിഡന്റുമാരും ബാങ്ക് ഡയറക്ടർമാരുമെല്ലാം കൂടി 1-5-1990-ൽ തൃത്താലയിൽ ഒത്തുചേർന്ന് ചർച്ചനടത്തി. വെള്ളിയാംകല്ല് റെഗുലേറ്റർ-കം-ബ്രിഡ്ജ് നടപ്പിലാക്കി കിട്ടണമെന്നും അതല്ലാതെ അവിടെ വേറെ വെള്ളംകിട്ടാനുള്ള മാർഗ്ഗമൊന്നുമില്ലായെന്നും ഏകസ്വരത്തിൽ പ്രമേയം പാസ്സാക്കി ഗവൺമെന്റിനോട് ആവശ്യപ്പെടുകയും ചെയ്തു. എ. ഐ. ആർ., ദൂരദർശൻ, എല്ലാ പ്രധാനപ്പെട്ട പത്രങ്ങളും ഇവയിലെല്ലാം വളരെ പ്രാധാന്യം കൊടുത്തുകൊണ്ടുതന്നെ ഈ വാർത്ത പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച വാർത്ത ദൂരദർശനിലും വന്നിട്ടുണ്ട്. എ. ഐ. ആറിലും രണ്ടുദിവസം ഇതുസംബന്ധിച്ചുള്ള വാർത്ത വന്നിരുന്നു.

അതിന്റെയെല്ലാം അടിസ്ഥാനത്തിൽ 1990 ജൂൺ നാലാം തീയതി കൂടിയ 3-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയിൽ ഈ പ്രശ്നം ചർച്ച ചെയ്തു ആകെ വരുന്ന ചെലവിന്റെ പകുതി തദ്ദേശസ്വയംഭരണ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളും പകുതി സർക്കാരും കൂടി വഹിച്ച് ഈ പദ്ധതി നടപ്പിലാക്കി കിട്ടണമെന്ന് ഗവൺമെൻറിനോട് ശുപാർശചെയ്തിട്ടുമുണ്ട്. സർ, അതിൻെറ അടിസ്ഥാനത്തിൽ 1990 സാമ്പത്തികവർഷത്തിൽതന്നെ വെള്ളിയാംകല്ല്, റെഗുലേറ്റർ-കം-ബ്രിഡ്ജ് തൃത്താലയിൽ പണി തുടങ്ങുമെന്ന് ബഹുമാനപ്പെട്ട മന്ത്രി എനിക്ക് രേഖാമൂലം മറുപടിയും തന്നിട്ടുണ്ട്. ഭൂഗർഭജലമാകെ ഊറ്റി മറ്റു പ്രദേശങ്ങളിൽ കുടിവെള്ള ത്തിനുവേണ്ടി കൊണ്ടുപോകുന്നതുകൊണ്ടാണ് ഇത്തരത്തിലുള്ള വരൾച്ച ഉണ്ടാകുന്നത്. അതുകൊണ്ട് സർ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെൻറിനോടും അഭ്യർത്ഥിക്കുന്നത്, വളരെ വേഗത്തിൽ അവിടത്തെ നാട്ടുകാരുടെ ഈ പ്രശ്നം, ഗുരുവായൂരിലെയും, ചാവക്കാട് പ്രദേശത്തെയും, കുന്നംകുളം പ്രദേശത്തെയും, വടക്കാഞ്ചേരി, എടപ്പാൾ ഭാഗങ്ങളിലെയും ജനങ്ങളുടെ കുടിവെള്ളപ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ വേണ്ടി ഭാരതപ്പുഴയിൽനിന്നും ഒഴുകിപ്പോകുന്ന ജലം തടഞ്ഞുനിർത്തി, തൃത്താല റെഗുലേറ്റർ കം-ബ്രിഡ്ജ് നടപ്പിലാക്കി കിട്ടണമെന്ന് ഞാൻ ഗവൺമെൻറിനോട് ആവശ്യപ്പെടുന്നു.

ജലസേചനവകുപ്പ് മന്ത്രി (ശ്രീ. ബേബിജോൺ): സർ, ഈ സഭയിൽ ഒന്നിലധികം പ്രാവശ്യം ഇക്കാര്യം പറഞ്ഞിട്ടുള്ളതാണ്. ഈ വരൾച്ച തുടങ്ങുന്നതോടുകൂടി അല്ലെങ്കിൽ വേനൽ തുടങ്ങുന്നതോടുകൂടി കുടിവെള്ളക്ഷാമത്തിനുള്ള ബുദ്ധിമുട്ടുകൾ വർദ്ധിക്കുന്നു. കഴിഞ്ഞ കുറേ വർഷങ്ങളായി തുടർച്ചയായി ഉണ്ടായിട്ടുള്ള വരൾച്ചയുടെ ഫലമായിട്ടാണെന്നാണ് എനിക്കുതോന്നുന്നത്, ഒരുപക്ഷേ അതും ഒരു കാരണമാവാം, പിന്നെ മറെറാരുകാര്യം വാട്ടർ ലെവൽ താഴുന്നതുകൊണ്ടും വരൾച്ചയുണ്ടാവുന്നുണ്ട്. റീ-ചാർജ്ജിംഗ് കപ്പാസിറ്റി കുറയുകയും ചെയ്യുന്നുണ്ട്. ഇത് നമ്മുടെ സംസ്ഥാനത്തൊട്ടാകെ ഉണ്ടായിരിക്കുന്ന ഒരു സ്ഥിതി വിശേഷമാണ്. ഇതിങ്ങനെ തുടർന്നുപോയാൽ എന്തായിരിക്കും നമ്മുടെ സംസ്ഥാനത്തിൻെറ പൊതുവായ പരിസ്ഥിതി എന്നുള്ള കാര്യത്തിൽ എനിക്ക് ഉൽക്കണ്ഠയുണ്ട്. നമ്മുടെ നദികൾ വറ്റുന്നു, കിണറുകൾ വറ്റുന്നു, കുളങ്ങൾ, തോടുകൾ ഇവയൊക്കെത്തന്നെ വറ്റിപ്പോകുന്നുണ്ട്. ഇവയെ സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തി നിർദ്ദേശം നൽകുന്നതിനുവേണ്ടി ആ മേഖലകളിൽ പ്രവർത്തിക്കുന്ന വിദഗ്ദ്ധൻമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിനവർ തെരഞ്ഞെടുത്തിരിക്കുന്ന നദി ഭാരതപ്പുഴതന്നെയാണുതാനും പക്ഷേ വരൾച്ച അവിടെ മാത്രമല്ല, പൊതുവായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരു പ്രതിഭാസമാണ്. ഈ സ്ഥിതിയുണ്ടാവുന്നതിന് പല കാരണങ്ങളും പറഞ്ഞിട്ടുണ്ട്. എന്നാൽ ആ കാരണങ്ങളെല്ലാം വിശദീകരിക്കാൻ ഞാനുദ്ദേശിക്കുന്നില്ല. നമ്മുടെ സംസ്ഥാനത്തിൻെറ ചില പ്രത്യേകതകളാണ് അതിന് പ്രധാനമായിട്ടുള്ളത്, വനഭൂമി നഷ്ടപ്പെട്ടത് അതിനൊരു കാരണമായിട്ട് പറയുന്നുണ്ട്. രണ്ട്, കാലവർഷം നമുക്ക് ലഭ്യമാകുന്നുണ്ടെങ്കിലും അതിൻെറ ഇൻറെൻസിറ്റി വളരെ വർദ്ധിച്ചതുകൊണ്ട് വളരെ ശക്തമായി മഴവന്ന് ഭൂമിയിൽ പതിക്കുന്നതുകൊണ്ട് ഭൂമിയുടെ മുകൾപ്പരപ്പിലുള്ള മണ്ണ് ഒലിച്ചുപോകുന്നതും അതുകൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ടാണ്. കൂടാതെ നമ്മുടെ തോടുകളും കുളങ്ങളുമൊക്കെ അധികവും നികത്തിയിരിക്കുന്നു. അതുകാരണം വെള്ളം ഭൂമിയിൽ കെട്ടിനിൽക്കാനുള്ള സൗകര്യം ഇല്ലാതെ വരുന്നു. നിലങ്ങൾ നികത്തുന്നു, വീടുകൾ വയ്ക്കുന്നു ആ സ്ഥലങ്ങളിൽ, കൂടാതെ നിലങ്ങൾ നികത്തി മറ്റാവശ്യങ്ങൾക്കായിട്ട് ഉപയോഗിക്കുന്നു, ഇപ്പോൾ നമുക്ക് ചതുപ്പുപ്രദേശങ്ങൾ തീരെ ഇല്ലാതായിത്തീർന്നിട്ടുണ്ട്. അപ്പോൾ അങ്ങനെയൊക്കെയുള്ള നാം തന്നെ വരുത്താ

LIBRARY ARCHIVES Kerala Legislative Assembly

വച്ച ചില പ്രവൃത്തികളുടെ ഫലമായിട്ടാണ് ഈയൊരു സ്ഥിതിവിശേഷമൊക്കെ വന്നുചേർന്നിട്ടുള്ളത്. അപ്പോഴും ഇതൊക്കെയാണ് രൂക്ഷമായ വരൾച്ചയെക്കുറിച്ച് ശാസ്ത്രജ്ഞൻമാർ പറയുന്ന അഭിപ്രായം. ഞാൻ അവരോട് പറഞ്ഞു, ഇതിന്റെ കാരണം മാത്രം ഇങ്ങനെ കണ്ടുപിടിച്ച് പറഞ്ഞാൽപ്പോരാ, അതിനൊരു പരിഹാരമാർഗ്ഗംകൂടി നിർദ്ദേശിക്കണമെന്ന്. അതിനൊരു പരിഹാരമാർഗ്ഗം നിർദ്ദേശിക്കാമെന്ന് അവർ സമ്മതിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികളുണ്ടാവും. ഇവിടെ പിന്നെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം തൃത്താലക്കുവേണ്ടിയാണ്. കുന്നംകുളം, ഗുരുവായൂർ, ചാവക്കാട് പദ്ധതികൾക്കുവേണ്ടി വെള്ളം പമ്പുചെയ്യുന്നത് ഈ തൃത്താല ഭാഗത്തുനിന്നാണ്. അതുപോലെതന്നെ പുതുതായി ആരംഭിച്ചിട്ടുള്ള പാവറട്ടി മേഖലാ ശുദ്ധജലവിതരണ പദ്ധതിയുടെ ഉറവിടം ഭാരതപ്പുഴയിലെ തൃത്താല തന്നെയാണ്. ഈ സ്ഥലത്തുനിന്ന് താഴ്ന്ന ഭാഗത്തുള്ള വെള്ളിയാംകല്ല് എന്ന പ്രദേശത്ത് നമ്മുടെ സംസ്ഥാനത്തെ ജലസേചന വകുപ്പ് ഒരു റെഗുലേറ്റർ കം-ബ്രിഡ്ജ് പണിയാനുദ്ദേശിക്കുന്നുണ്ട്. മറ്റു കാരണങ്ങൾകൊണ്ടൊക്കെ വെള്ളം വറ്റിപ്പോകുന്നുവെന്ന് പറഞ്ഞത് ശരിയാണ്. എന്നാലത് ഭാരതപ്പുഴയെ മാത്രം ബാധിച്ചിട്ടുള്ള, ഭാരതപ്പുഴയിൽ മാത്രമുണ്ടായിട്ടുള്ള ഒരു പ്രത്യേകതയല്ല. നമ്മുടെ സംസ്ഥാനത്തെ നദികൾക്കാകെ ഉണ്ടായിട്ടുള്ളതാണ് വരൾച്ച. പിന്നെ അദ്ദേഹം പറഞ്ഞ കാരണങ്ങളുമുണ്ട് അക്കൂട്ടത്തിൽ. മെമ്പർ പറഞ്ഞ കാര്യങ്ങളും അവിടെ അതിന്റെ ബുദ്ധിമുട്ട് വർദ്ധിപ്പിക്കാൻ സഹായകമായിട്ടുണ്ട്. അതുമാത്രമല്ല എന്നതേയുള്ളു. എന്നാൽ ഇതിനൊരു പരിഹാരമുണ്ടാക്കുന്നതിനായി ജലസേചന വകുപ്പ് ഇതിനുവേണ്ടി ഒരു വിശദമായ പദ്ധതിക്ക് ഉദ്ദേശിക്കുന്നുണ്ട്, അതിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി, പ്രോജക്ട് റിപ്പോർട്ട് റിവൈസ് ചെയ്തുവരുന്നു. നിലവിലുള്ള 5 ലിഫ്റ്റ് ഇറിഗേഷൻ സ്കീമാണ് അത് കൂടുതൽ കാര്യക്ഷമമാക്കുകയെന്നതാണ് അതിന്റെ പ്രധാന ലക്ഷ്യം. എന്നാൽ അതിന്റെ കൂടെ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനും ഭാഗികമായി ഗുരുവായൂരും കുന്നംകുളത്തും അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വിദേശരാജ്യങ്ങളിൽ നിന്നുള്ള ബൈലാറ്ററൽ അസിസ്റ്റൻസിനുവേണ്ടി ഈ പദ്ധതിയുടെ പേരും ഉൾപ്പെടുത്തി കേന്ദ്ര ഗവൺമെന്റിനു അയച്ചുകൊടുത്തിട്ടുണ്ട്. എതാണ്ട് 588 ലക്ഷം രൂപ ചെലവ് ഇതിനായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ചതിനുശേഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണി തുടങ്ങുന്ന കാര്യം പരിഗണനയിലാണ്.

ശ്രീ. എം. പി. താമി: സർ, ഈ ശുദ്ധജലവിതരണ പദ്ധതികൾ മുഴുവനും വിദേശരാഷ്ട്രങ്ങളുടെ സഹായത്തോടുകൂടിയാണ് തുടങ്ങിയിട്ടുള്ളത്. അതുപോലെതന്നെ ഈ റെഗുലേറ്റർ കം-ബ്രിഡ്ജിന്റെ കാര്യം നടപ്പിലാക്കുന്ന കാര്യത്തിലും ഒരു വിദേശരാഷ്ട്രത്തിന്റെ സഹായത്തോടുകൂടി നടപ്പിലാക്കാൻവേണ്ടി ഇക്കൊല്ലംതന്നെ അതിന്റെ പ്രവർത്തനം ആരംഭിച്ചുകൂടേ?

ശ്രീ. ബേബിജോൺ: ഞാൻ പറഞ്ഞു, അതിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി പ്രോജക്ട് റിപ്പോർട്ട് റിവൈസ് ചെയ്തുകൊണ്ടിരിക്കുന്നുവെന്ന്. അതിന് അംഗീകാരം കിട്ടുന്നതനുസരിച്ചു മാത്രമേ വിദേശരാഷ്ട്രത്തിന്റെ സഹായം വേണോ അതോ നമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

സ്വന്തമായി അത് നടപ്പിലാക്കാൻ കഴിയുമോ എന്ന്. നമുക്ക് ആലോചിക്കാൻ കഴിയൂ, ഫണ്ട് ഉപയോഗിച്ചുവേണമോ ചെയ്യേണ്ടത് എന്നുള്ളതിനെ സംബന്ധിച്ച് ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

(2) പ്രവർത്തനരഹിതമായി കിടക്കുന്ന ആലപ്പുഴ തുറമുഖം

ശ്രീമതി റോസമ്മ പുന്നൂസ്: സർ, കഴിഞ്ഞ ഒന്നൊന്നരവർഷക്കാല മായിട്ട് ആലപ്പുഴ തുറമുഖം നിശ്ചലമായിട്ട് കിടക്കുകയാണ്. അവിടെ കയറ്റിറക്ക് പ്രവൃത്തിയിലേർപ്പെട്ടിരുന്ന ധാരാളം ചുമട്ടു തൊഴിലാളികളും ഏതാണ്ട് അറുന്നൂറിലധികം തൊഴിലാളികളും അവിടെ തുറമുഖവുമായി ബന്ധപ്പെട്ടുകൊണ്ട് പണിയെടുത്തവർ ഇന്ന് പട്ടിണിയിലും നിത്യദാരിദ്ര്യത്തിലും കഴിയുകയാണ്. ഇതൊരു പുതിയ സംഭവവികാസമാണെന്ന് ഞാൻ പറയുന്നില്ല. 1977 മുതൽ 1987 വരെ ആ തുറമുഖം നിശ്ചലമായിരുന്നു. അന്ന് അവിടത്തെ തൊഴിലാളികളും വല്ലിയൊരു ഭാഗം പട്ടിണികൊണ്ടും സുഖക്കേടുകളും പിടിപെട്ടും മരിക്കുന്നതിനിടയായി. ആ കാലഘട്ടത്തിലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. അങ്ങനെ അന്നീ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഏതാണ്ട് 36 ലക്ഷം രൂപ ചെലവാക്കി അവിടെ ആ തുറമുഖത്തിന്റെ അറ്റകുറ്റപണികളും നടത്തുകയും ക്രെയിനിന്റെയും മറ്റും അറ്റകുറ്റപ്പണികളൊക്കെ ചെയ്തത് ആ തുറമുഖം പ്രവർത്തനക്ഷമമാക്കുകയും അവിടെ അരിയും ഗോതമ്പും ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടികളും കേന്ദ്രഗവൺമെന്റുമായിട്ട് കേന്ദ്രത്തിൽ വേണ്ടത്ര സമ്മർദ്ദം ചെലുത്തി അരിയും ഗോതമ്പും അവിടെ ഇറക്കുമതി ചെയ്യുന്നതിനിടയാക്കിയതുകൊണ്ട് അന്ന് അവിടത്തെ തൊഴിലാളികൾക്ക് വളരെ ആശ്വാസമുണ്ടായിരുന്നു. 1988-89 കാലഘട്ടത്തിൽ നാലു കപ്പലുകൾ വീതം അവിടെ വന്നിരുന്നതുകാരണം അക്കാലത്ത് അവിടെ തൊഴിലാളികൾക്ക് തൊഴിൽ കിട്ടിയിരുന്നു. അങ്ങനെ അവർക്ക് തൊഴിൽ കിട്ടിയതുമൂലം അവരുടെ പട്ടിണി മാറുകയും അങ്ങനെ അവർക്ക് അൽപ്പം ആശ്വാസം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. എന്നാൽ അവിടെ അവർക്ക് തുടർന്നും തൊഴിൽ കിട്ടുമെന്നുള്ള അവരുടെ പ്രതീക്ഷ ഇപ്പോൾ കുറേ നാളുകളായിട്ട് അസ്തമിച്ചിരിക്കുകയാണ്. അരിയുടെ ഇറക്കുമതി അവിടെ നിർത്തിയതാണ് അതിന് പ്രധാന കാരണം. ഇന്ന് അവിടത്തെ തൊഴിലാളികൾ വളരെയധികം കഷ്ടപ്പെടുകയാണ്, അവർക്ക് തൊഴിലില്ല. എനിക്ക് ഗവൺമെന്റിനോട് പറയാനുള്ളത് ഇവിടെ കഴിഞ്ഞ 1988-89 കാലഘട്ടത്തിൽ തൊഴിലാളികൾക്ക് ജോലി കൊടുക്കുന്നതിനുവേണ്ടി മാത്രം 36 ലക്ഷം രൂപ ചെലവാക്കുന്നതിന് ഈ ഗവൺമെന്റ് തയ്യാറായത് തീകച്ചും സ്വാഗതാർഹമാണ്, എന്നാണ്, പക്ഷേ അത് അവിടെ അവർക്ക് തുടർന്ന് കിട്ടുന്നതിന് അവിടെ ആവശ്യത്തിനുള്ള കയറ്റിറക്കുമതി വ്യാപാരം നടക്കേണ്ടതുണ്ട്. എന്നാൽ അതിപ്പോൾ അവിടെ നടക്കുന്നില്ല. അതുകൊണ്ട് എനിക്ക് ഇക്കാര്യത്തിൽ രണ്ടു നിർദ്ദേശങ്ങളാണ് ഗവൺമെന്റിന്റെ മുൻപാകെ വയ്ക്കാനുള്ളത്. ഇന്ന് കൊച്ചിയിൽ പൊട്ടാഷ് ഇറക്കുമതി ചെയ്യുന്നുണ്ട്. അതുപോലെതന്നെ കൊല്ലത്ത് കശുവണ്ടി വ്യാപാരത്തിലേക്ക് ആവശ്യമുള്ള തോട്ടണ്ടി തൂത്തുക്കുടിയിലാണ് ഇറക്കുമതി ചെയ്യുന്നത്. തൂത്തുക്കുടിയിൽ ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടി ആലപ്പുഴയിൽ ഇറക്കുകയാണെങ്കിൽ തീർച്ചയായും അതുകൊണ്ട് ലാഭകരമായിട്ട് കൊല്ലത്തെ കശുവണ്ടി വ്യാപാരം നടത്താനും ആ വ്യവസായികളെ രക്ഷിക്കാനും കഴിയും. അതുപോലെതന്നെ ഇന്ത്യൻ പൊട്ടാഷ് കമ്പനിക്കാരോട് ആ വശ്യപ്പെട്ടതനുസരിച്ച് അവർ ആലപ്പുഴയിൽ വന്ന് അവിടെ ഇറക്കുമതി ചെയ്യുന്നതിനെ കുറിച്ച് ഫീസിബിളിറ്റി സർവേ നടത്തുകയും അവിടെ ഇറക്കുമതി

LIBRARY ARCHIVES Kerala Legislative Assembly